**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2516 06.12.2018-ലെ മറുപടിയ്ക്ക്

**<u>കൊല്ലം ജില്ലയിൽ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. മുകേഷ്** | **ശ്രീ. ഇ. പി. ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| എല്ലാ ജില്ലകളിലും മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ കീഴിൽ, കൊല്ലം ജില്ലയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | 2016-17 ബജറ്റിൽ പ്രഖ്യാപിച്ച കൊല്ലം ഒളിമ്പ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയവും 2017-18 ബജറ്റിൽ പ്രഖ്യാപിച്ച പുനലൂർ മുനിസിപ്പൽ സ്റ്റേഡിയവുമാണ് നിലവിൽ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ പുനലൂർ മുനിസിപ്പൽ സ്റ്റേഡിയത്തിന് 5.64 കോടി രൂപയുടെ കിഫ്ബി അംഗീകാരവും, 5.62 കോടി രൂപയുടെ സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. കൊല്ലം ഒളിമ്പ്യൻ സുരേഷ് ബാബു ഇൻഡോർ സ്റ്റേഡിയം നിലവിൽ ലാൽ ബഹദൂർ സ്റ്റേഡിയത്തിനടുത്ത് ലഭ്യമായ സ്ഥലത്ത് നിർമ്മിക്കുന്നതിലേയ്ക്കായി ഡി.പി.ആർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**